# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5309** 15.11.2019 -ലെ മറുപടിയ്ക്ക്

## ഓപ്പൺ യൂണിവേഴ്സിറ്റി

ചോദ്യം

ശ്രീ. സി. മമ്മൂട്ടി

ഉത്തരം

**ഡോ. കെ. ടി. ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി )

| | | | |
|---|---|---|---|
| (എ) | ഓപ്പൺ യൂണിവേഴ്സിറ്റി സംസ്ഥാനത്ത് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നുമുതൽ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ; | (എ), (ബി), (സി), (ഡി), (ഇ), (എഫ്) & (ജി) | ഉണ്ട്. ഓപ്പൺ സർവ്വകലാശാലയുടെ സ്പെഷ്യൽ ഓഫീസർ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | ഓപ്പൺ യൂണിവേഴ്സിറ്റി തുടങ്ങിയാൽ സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റികളിൽ നിലവിലുള്ള പ്രൈവറ്റ് രജിസ്ട്രേഷൻ, വിദൂരവിദ്യാഭ്യാസ കോഴ്സുകൾ എന്നിവ തുടരാൻ ഉദ്ദേശിക്കുന്നുണ്ടോ; | | |
| (സി) | നിലവിൽ ഇന്ത്യയിലെ മറ്റ് ഓപ്പൺ യൂണിവേഴ്സിറ്റികൾ നൽകുന്ന സർട്ടിഫിക്കറ്റുകൾ വിദേശ ജോലികൾക്ക് പരിഗണിക്കുന്നതിൽ തടസ്സമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (ഡി) | സർക്കാർ, സ്വകാര്യ തൊഴിൽ മേഖലകളിലും പി.എസ്.സി/ യു.പി.എസ്.സി. നിയമനങ്ങൾക്കും ഓപ്പൺ യൂണിവേഴ്സിറ്റി സർട്ടിഫിക്കറ്റിന് അംഗീകാരമുണ്ടാകുമോ; | | |
| (ഇ) | നിലവിലുള്ള യൂണിവേഴ്സിറ്റികളിൽ പഠിക്കുന്ന കുട്ടികളെയും അതേ കോഴ്സുകൾ ഓപ്പൺ യൂണിവേഴ്സിറ്റികളിൽ പഠിക്കുന്ന കുട്ടികളെയും ഒരേ പോലെ പരിഗണിക്കുമോ; | | |
| (എഫ്) | നിലവിൽ പ്രൈവറ്റ് വിദ്യാർത്ഥികൾക്ക് ലഭിച്ചുവരുന്ന എസ്.സി./എസ്.റ്റി./ | | |

| | | | |
|---|---|---|---|
| | ഒ.ഇ.സി. ഗ്രാന്റുകളും യാത്രാ സൗകര്യങ്ങളും ഓപ്പൺ യൂണിവേഴ്സിറ്റി വിദ്യാർത്ഥികൾക്ക് ലഭിക്കുമോ; | | |
| (ജി) | ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പഠന റിപ്പോർട്ടുകൾ ഉണ്ടോ; എങ്കിൽ പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിക്കുകയും പ്രൈവറ്റ് രജിസ്ട്രേഷൻ നിർത്തലാക്കുകയും ചെയ്താൽ കേരളത്തിലെ പാരലൽ മേഖലയിലെ പതിനായിരക്കണക്കിന് അദ്ധ്യാപകർക്ക് തൊഴിൽ നഷ്ടമാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് എങ്ങനെ പരിഹരിക്കുമെന്ന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ.